# ഞായറാഴ്ച കാലത്തെ
# നമസ്കാരക്രമം

## ഒന്നാംഭാഗം ശുശ്രൂഷ

### 1 മഹത്ത്വീകരണം

പട്ടക്കാരൻ:

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം: ആദിമുതൽ എന്നെന്നേക്കുംതന്നെ-ആമേൻ

പട്ടക്കാരൻ: ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ -പരിശുദ്ധൻ-പരിശുദ്ധൻ-പരിശുദ്ധൻ-ഉന്നതങ്ങളിൽ സ്തുതി.

ജ. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-ഉന്നതങ്ങളിൽ സ്തുതി.

പ. *ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജ. ബലവാനേ, നീ പരിശുദ്ധനാകുന്നു.

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി-ബാറെക്മാർ.

കർത്താവിന്റെ പ്രാർത്ഥന

പട്ടക്കാരൻ:

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ-

ജനം: നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ - നിന്റെ രാജ്യം വരണമേ-നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ-ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ- ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ-ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ-ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ-ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളണമേ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു-ആമേൻ.

---

*ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

(അല്ലെങ്കിൽ)

ഗീതം

പട്ടക്കാരൻ. *ദൈവമേ! നീ പരിശുദ്ധൻ, -ഹാലേ-ലുയ്യാ

ജനം. ബലവാനേ! നീ പരിശുദ്ധൻ, കുറി-യേലായിസ്സോൻ
മൃതിരഹിതാ! നീ പരിശുദ്ധൻ, ഹാലേ-ലുയ്യാ
അടിയാർക്കായ് ക്രൂശേറ്റവനേ അനുഗ്രഹിച്ചീടണമേ

പ. കർത്താവേ അനുഗ്രഹിക്ക, ഹാലേ-ലുയ്യാ

ജ. ദ-യ-വായ് നീ അനുഗ്രഹിക്ക, കുറി-യേലായിസ്സോൻ
പ്രാർത്ഥന ശുശ്രൂഷകളേറ്റി-ട്ടനുഗ്രഹിച്ചീടണമേ

പ. ദൈവമേ! സ്തുതി നിനക്കു, ഹാലേ-ലുയ്യാ

ജ. സ്രഷ്ടാവേ! സ്തുതി നിനക്കു, കുറിയേ-ലായിസ്സോൻ
പാപികളിൽ കനിയും മ്ശിഹാ-
രാജാ സ്തുതി നിനക്കു ബാറെക്മാർ

## കർത്താവിന്റെ പ്രാർത്ഥന

(ഗീതം)

പ. സ്വർല്ലോകത്തി-ലിരുന്നരുളും
ദേവാ ഞങ്ങ-ളുടെ താതാ-

ജ. നിന്തിരുനാമം പാവനമായ്
പെരുമാ-റപ്പെ-ട്ടീ-ടണമേ

പ. താതാ! നിന്നുടെ -തിരുരാജ്യം
വന്നീടണമേ-ഈ ഉലകിൽ

ജ. തിരുഹിതം എതുപോൽ സുരലോകേ-
അതുപോ-ലിവിടെയും-ആ-കണമേ.

പ. വേണ്ടുന്നാഹാ-രം എങ്ങൾക്കി-
ന്നേകണമേ-നീ-കർത്താവേ

ജ. അന്യരോടെങ്ങൾ ക്ഷമിച്ചതുപോൽ-
അടിയാൻ-പാപം-മോചിക്ക.

പ. പരീക്ഷയിലെ ങ്ങ-ളെയാക്കരുതേ
ദുഷ്ടനിൽനിന്നൊഴിവാക്കുക നീ

ജ. രാജ്യം ശക്തി മഹത്വങ്ങൾ
എന്നും-നിനക്കു-ള്ള-വയാമേൻ.

---

* ഇപ്രകാരം മൂന്നുപ്രാവശ്യം ചൊല്ലണം

**അപേക്ഷ**

പ. ദൈവമായ കർത്താവേ, ഭാഗ്യം നൽകുന്നവയും പ്രകാശം നിറഞ്ഞിരിക്കുന്ന വയുമായ നിന്റെ രശ്മികളാൽ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. മരിച്ചവരുടെ ഇടയിൽനിന്നുള്ള നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഈ ദിവസത്തിൽ,ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ ഉദയത്താൽ ഞങ്ങളെ ആനന്ദിപ്പിക്കണമേ. ഞങ്ങളുടെ ജീവന്റെ പ്രത്യാശയും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമായി, ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായേ, നിന്റെ കൃപയുടെ സഹായങ്ങൾ കൊണ്ട് ഞങ്ങളെ തുണയ്ക്കുകയും ചെയ്യണമേ.

ജ. ആമേൻ.

**2 പാപം ഏറ്റുപറച്ചിൽ**

അനുതാപത്തിന്റെ മസുമുർ

പ. ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ- നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

ജ. എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി-എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ.

പ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു-എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

ജ. നിന്നോടു നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പാകെ തിന്മകൾ ഞാൻ ചെയ്തു.

പ. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ-ഞാൻ നിർമ്മലനാകും. അതിനാൽ എന്നെ നീ വെളുപ്പിക്കണമേ-ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെൺമയുള്ളവനാകും.

ജ. എന്റെ പാപങ്ങളിൽനിന്നും നിന്റെ മുഖം തിരിച്ച്- എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമേ.

പ. ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ-സ്ഥിരമായു ള്ളോരാത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമേ.

ജ. നിന്റെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ-നിന്റെ വിശുദ്ധ റൂഹായെ എന്നിൽ നിന്ന് എടുക്കുകയും അരുതേ.

പ. നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചുതരണമേ-മഹത്വമുള്ള നിന്റെ റൂഹാ-എന്നെ താങ്ങുമാറാകണമേ.

ജ. കർത്താവേ, എന്റെ അധരങ്ങളെ തുറക്കണമേ-എന്റെ വായ് നിന്റെ സ്തുതികൾ പാടും. ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു -ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ

(എല്ലാവരും മൗമായി തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുന്നു. പിന്നീട് പട്ടക്കാരനോടുകൂടെ താഴെയുള്ള പ്രാർത്ഥനകളിൽ ഒന്നു ചൊല്ലണം)

**മൌദ്യാനൂസാ** (അനുതാപ പ്രാർത്ഥനകൾ)

I

സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ-സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുമെന്നുള്ള നിന്റെ വാഗ്ദാനത്തിൽ ഞങ്ങൾ ആശ്രയിച്ചു കൊണ്ട്-തിരുമുമ്പാകെ പാപങ്ങളും കുറ്റങ്ങളും ഞങ്ങൾ ഏറ്റു പറയുന്ന ഈ സമയത്ത്-തിരുച്ചെവി ചായിച്ചു ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ദൈവമേ ഞങ്ങൾ നിനക്കു വിരോധമായി പാപം ചെയ്തു-നിന്റെ കല്പനകൾ എല്ലാം ലംഘിച്ചിരിക്കുന്നു. മനസ്സോടും മനസ്സുകൂടാതെയും-അറിവോടും അറിവു കൂടാതെയും-വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞങ്ങൾ പിഴച്ചു. തിരുഹിതത്തിനു പ്രസാദമായതു ഞങ്ങൾ ചെയ്യാതെ-തിരുമുമ്പാകെ അറപ്പും വെറുപ്പും ഉള്ളവ ചെയ്തു- നിന്റെ കോപത്തിനും ശിക്ഷയ്ക്കും പാത്രമായി തീർന്നിരിക്കുന്നു. ഇതു നിമിത്തമായി നിന്റെ നാമത്തിനു അപമാനവും ദുഷിയും -ഞങ്ങളുടെ ചുറ്റുമുള്ളവർക്കു നഷ്ടവും ഞങ്ങൾ വരുത്തിയിരിക്കുന്നു. കാരുണ്യവാനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമേ-പാപികളുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനായ കർത്താവേ-മഹാ പാപികളായ ഞങ്ങളോടു കരുണ ചെയ്ത്-ഞങ്ങളുടെ സകല പാപങ്ങളും ഞങ്ങളോട് ക്ഷമിച്ച്-ഞങ്ങളെ ആശ്വസിപ്പിക്കണമേ. പരിശുദ്ധനും നീതിമാനുമായ ദൈവമേ-സകല മലിനതകളിൽ നിന്നും കറകളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമേ. ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിഷ്കളങ്കമായി ജീവിച്ച്-ലോകത്തിൽ വെളിച്ചങ്ങളായി ശോഭിപ്പാനും-ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായുടെ എഴുന്നള്ളത്തിങ്കൽ-ലജ്ജകൂടാത്ത മുഖത്തോടുകൂടെ അവനെ എതിരേല്പാനും-നിന്റെ മഹത്വരാജ്യത്തിൽ നിത്യാനന്ദം അനുഭവിപ്പാനും-ഞങ്ങളെ യോഗ്യതയുള്ളവരാക്കുകയും ചെയ്യണമേ.

ആമേൻ.

II

കരുണാനിധിയും സ്നേഹസമ്പൂർണ്ണനുമായ പിതാവാം ദൈവമേ-ഞങ്ങളുടെ ബഹുവിധ പാപങ്ങൾ ഇപ്പോൾ ഏറ്റുപറയുന്നു. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ അധമരാക്കിത്തീർത്തു. മറ്റുള്ളവർക്ക് സങ്കടത്തിനും നഷ്ടത്തിനും ഞങ്ങൾ കാരണക്കാരയി. ദൈവമഹിമക്കു കുറവും ദുഷിയും-അവിടുത്തെ പിതൃവാത്സല്യത്തിനു ദുഃഖവും ഞങ്ങൾ വരുത്തി. ഞങ്ങളുടെ മാനസികവും ശാരീരികയും ആയ പാപങ്ങളെയും-രഹസ്യവും പരസ്യവുമായ വീഴ്ചകളെയും- സങ്കടപൂർവ്വം ഞങ്ങൾ ഏറ്റുപറയുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ, ഇവയെല്ലാം ഞങ്ങളൊടു ക്ഷമിക്കണമേ. അൻപുള്ള യേശുവേ-ഞങ്ങളുടെ പാപഭാരം നീക്കണമേ. വിശുദ്ധീകരിക്കുന്ന റൂഹായെ-ഞങ്ങളെ ശുദ്ധീകരിക്കണമേ. പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിയേക ദൈവമേ, ഞങ്ങളെ നിന്റെ പുത്രത്വത്തിന്റെ അവകാശത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്യണമേ. മ്ശിഹായുടെ നാമത്തിലുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കുമാറാകണമേ. ആമേൻ.

III

സർവ്വശക്തനായ ദൈവമേ, ഞങ്ങളിൽ ജീവശ്വാസം ഊതിയ സ്രഷ്ടാവേ, പരിശുദ്ധ താല്പര്യങ്ങളെയും ചിന്തകളെയും ഞങ്ങളിൽ പുലർത്തുന്ന പ്രിയനാഥാ-നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ ബഹുവിധ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. ചെയ്യേണ്ടതു ചെയ്യാതെയും-ചെയ്യരുതാത്തത് ചെയ്തും ഞങ്ങൾ

നിന്നെ ദുഃഖിപ്പിച്ചു. ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ വിചാരങ്ങളെയും ആഗ്രഹങ്ങളെയും പ്രയത്നങ്ങളെയും വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച്-അപ്രത്യക്ഷവും നിത്യവുമായ യാഥാർത്ഥ്യങ്ങളെ കണ്ടു ഗ്രഹിപ്പാൻ-ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ വെറുത്ത് ഏറ്റുപറഞ്ഞ പാപങ്ങൾ ഞങ്ങളുടെമേൽ ഇനി അധികാരം നടത്തുകയില്ല എന്ന ഉറപ്പ് ഞങ്ങൾക്കു തരണമേ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവർക്കുള്ള ഭാഗ്യാവസ്ഥ ഞങ്ങൾ അനുഭവിച്ച്-നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള പുണ്യവാന്മാരോടും പുണ്യവതികളോടും കൂടെ-നിത്യമോക്ഷാനന്ദത്തിനു ഞങ്ങളെ അർഹരാക്കുകയും ചെയ്യണമേ. ഞങ്ങളുടെ കർത്താവേശിമ്ശിഹാ നിമിത്തം ഞങ്ങൾ നിന്നോട് അപേക്ഷിച്ചു കൊള്ളുന്നു-ആമേൻ.

## IV

സർവ്വശക്തനും നിത്യനുമായ പിതാവാം ദൈവമേ, അന്ധകാരത്തിലിരിക്കു ന്നവർക്കു പ്രകാശവും-ബലഹീനർക്കു ശക്തിയും-പാപത്തിൽ വീഴുന്നവർക്കു ഏകാശ്രയവും-നീ മാത്രമാകുന്നു. ബഹുലവും നീചവുമായ ഞങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നതിനു നൽകിയ ഈ അവസരത്തിനായി നിനക്കു സ്തുതി. അനുതാപ ഹൃദയത്തോടെ നിങ്കലേക്കു ചേർന്നു വരുന്ന ഏവരെയും, നീ സ്വീകരിക്കുന്നു എന്നുള്ള ധൈര്യത്തിൽ-തൃക്കാരുണ്യത്തെ ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നുള്ള ദൃഢവിശ്വാസത്തിൽ-നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുവാൻ-മ്ശിഹാ നിമിത്തം ഞങ്ങളെ അർഹരാക്കുകയും ചെയ്യണമേ, ആമേൻ.

## V

സർവ്വശക്തനും മഹാകാരുണ്യവാനുമായ പിതാവേ ഞങ്ങൾ കാണാതെ പോയ ആടുകളെപ്പോലെ നിന്റെ വഴികളിൽ നിന്ന് തെറ്റിച്ചിതറിപ്പോയിരിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിലെ വിചാരങ്ങളെയും മോഹങ്ങളെയും-ഞങ്ങൾ മുറ്റും അനുസരിച്ചു നടന്നിരിക്കുന്നു. ഞങ്ങൾ നിന്റെ വിശുദ്ധ കല്പനകളെ ലംഘിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യാതെ-ചെയ്യരുതാത്തവ ചെയ്തിരിക്കുന്നു. എങ്കിലും കർത്താവേ-അരിഷ്ടപാപികളും കുറ്റക്കാരുമായ ഞങ്ങളോടു കരുണയുണ്ടാകണമേ. ദൈവമേ, തങ്ങളുടെ പിഴകൾ ഏറ്റുപറയുന്ന വരോട് നീ ക്ഷമിക്കുന്നവനല്ലോ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാമൂലം-നീ മനുഷ്യവർഗ്ഗത്തോടു അറിയിച്ചിരിക്കുന്ന വാഗ്ദാനപ്രകാരം-അനുതപിക്കുന്ന ഞങ്ങളെ വീണ്ടും കൈക്കൊള്ളണമേ. കാരുണ്യവാനായ പിതാവേ, നിന്റെ പരിശുദ്ധ നാമത്തിന്റെ മഹത്വത്തിനായി-ഞങ്ങൾ ഇനിമേൽ ദൈവഭക്തിയോടും നീതിയോടും സുബോധത്തോടും നടക്കേണ്ടതിനു-മ്ശിഹാനിമിത്തം കൃപ ചെയ്യണമേ. . .ആമേൻ.

മാർ ബാലായുടെ അപേക്ഷ

 പ. പാപികളോടു കരുണയുള്ളവനായ ദൈവമേ, നിന്റെ ന്യായവിധിയിൽ ഞങ്ങളോടു കരുണചെയ്യണമേ. നിന്റെ ഭക്തവാത്സല്യത്തിന്റെ ആധിക്യം നിമിത്തം ഞങ്ങളുടെ കുറ്റങ്ങൾ ക്ഷമിക്കണമേ. കരുണയുള്ളവനേ, ഞെരുങ്ങിയിരിക്കുന്നവരായ ഞങ്ങൾ, നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ യാചനകൾ നൽകണമേ. കുറ്റം ചെയ്തുപോയവർ തിരിഞ്ഞു സങ്കടത്തോടെ പ്രാർത്ഥിച്ചാൽ അവർക്കു നീ അനുഗ്രഹങ്ങൾ നൽകുന്നവൻ ആകയാൽ, കരുണാപൂർണ്ണനായ യേശു മ്ശിഹായേ: ഞങ്ങൾക്കും അനുഗ്രഹങ്ങളുടെ വാതിൽ തുറന്നു തരണമേ.

സ്വർഗ്ഗസ്ഥനായ പിതാവേ: നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ. വിളിപ്പിൻ ഞാൻ ഉത്തരം പറയുമെന്നും, മുട്ടുവിൻ ഞാൻ തുറക്കുമെന്നും, ചോദിപ്പിൻ ഞാൻ തരുമെന്നും അരുളിചെയ്തവന് സ്തുതി.

ജ. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ- ആമേൻ.

പ. *ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ-

ജ. ദൈവമേ നിനക്കു സ്തുതി.

## ഒന്നാം പാഠം (പഴയനിയമം)

## 3. സ്തോത്രം

## കന്യകമറിയാമിന്റെ പാട്ട്

പ. എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു-എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ സന്തോഷിച്ചു.

ജ. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചിരിക്കുന്നുവല്ലോ. കണ്ടാലും ഇതു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

പ. എന്തെന്നാൽ ശക്തനായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചു: അവന്റെ നാമം പരിശുദ്ധവുമാകുന്നു.

ജ. അവനെ ഭയപ്പെടുന്നവർക്ക്-അവന്റെ കുരണ തലമുറകൾക്കും ഗോത്രങ്ങൾക്കും ഉണ്ടാകുന്നു.

പ. അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി, ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

---

* ഇപ്രകാരം മൂന്നുപ്രാവശ്യം ചൊല്ലണം

ജ. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിട്ട്-താണവരെ ഉയർത്തി.

പ. അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കി-ധാനവാന്മാരെ വെറുതെ അയച്ചു.

ജ. അവൻ തന്റെ ദാസനായ യിസ്രായേലിനെ സഹായിക്കുകയും-താൻ അബ്രഹാമിനോടും അവന്റെ സന്തതിയോടുമായി-നമ്മുടെ പിതാക്കന്മാരോട് അരുളിചെയ്ത പ്രകാരം-എന്നേക്കും തന്റെ കരുണ ഓർക്കയും ചെയ്തു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ-ആമേൻ.

എക്ബാ

പ. സാരാംശത്തിൽ ഏകമായിരിക്കുന്ന ശക്തിയും പിതാവും പുത്രനും പരിശുദ്ധ റൂഹായും എന്ന മൂന്നു ആളത്വങ്ങൾ ഉള്ളവനുമായി-സ്ത്രൈകദൈവവുമായുള്ളോവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ജ. ആമേൻ.

(പിന്നാലെയുള്ള സങ്കീർത്തനങ്ങളിൽ ഏതെങ്കിലും ഒന്ന് ഓരോ ഞായറാഴ്ചത്തേക്ക് ഉപയോഗിക്കണം)

## 148-ാം മസുമൂർ

പ. ഉറങ്ങുന്നവരേ, ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ, സ്വർഗ്ഗത്തിൽനിന്നും കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

ജ. അവന്റെ സകല ദൂതന്മാരുമേ-അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ-അവനെ സ്തുതിപ്പിൻ.

പ. സൂര്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ, അവനെ സ്തുതിപ്പിൻ, സ്വർഗ്ഗാധി സ്വർഗ്ഗവും-ആകാശവിതാനത്തിന് അപ്പുറമുള്ള ആഴങ്ങളുമേ, അവനെ സ്തുതിപ്പിൻ.

ജ. അവ കർത്താവിന്റെ തിരുനാമത്തെ സ്തുതിക്കട്ടെ. എന്തുകൊണ്ടെന്നാൽ അവൻ അരുൾ ചെയ്തു-അവ ഉണ്ടായി-അവൻ കല്പിച്ചു; അവന സൃഷ്ടിക്ക പ്പെട്ടു.

പ. അവൻ എന്നന്നേക്കുമായി അവയെ സ്ഥിരപ്പെടുത്തി-ലംഘിക്കാവതല്ലാത്ത ഒരു നിയമം കൊടുക്കുകയും ചെയ്തു.

ജ. ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും സകല അഗാധങ്ങളും അഗ്നിയും കൽമഴയും മഞ്ഞും ഉറച്ച മഞ്ഞും-അവന്റെ വചനത്തിന്റെ സൃഷ്ടിയായ കാറ്റുകളും ചുഴലിക്കാറ്റുകളുമേ കർത്താവിനെ സ്തുതിപ്പിൻ.

പ. പർവ്വതങ്ങളും കുന്നുകളും-ഫലവൃക്ഷങ്ങളും സകല കാരകിലുകളും-കാട്ടു മൃഗങ്ങളും സകല നാട്ടു മൃഗങ്ങളും-ഇഴജന്തുക്കളും പറവജാതികളുമേ -അവനെ സ്തുതിപ്പിൻ.

ജ. ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും-ഉണ്ണികളും കന്യകമാരും-വൃദ്ധന്മാരും യുവാക്കളും, കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

പ. എന്തുകൊണ്ടെന്നാൽ അവന്റെ നാമം മാത്രം ശ്രേഷ്ഠതയുള്ളതാകുന്നു. അവന്റെ മഹത്വം സ്വർഗ്ഗത്തിലും ഭൂമിയിലുമുണ്ട്.

ജ. അവന്റെ സകല നീതിമാന്മാർക്കും-അവനോടു ചേർന്ന ജനമായ യിസ്രായേൽ പുത്രന്മാർക്കും പുകഴ്ചയായി-സ്വജനത്തിന്റെ കൊമ്പിനെ ഉയർത്തുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ, ആമേൻ.

149-ാം മസുമുർ

പട്ടക്കാരൻ. കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവീൻ. യിസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ. സെഹിയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ.

ജനം. അവർ തപ്പുകൾകൊണ്ടും ചതുരത്തപ്പുകൾ കൊണ്ടും അവന്റെ നാമത്തെ സ്തുതിക്കട്ടെ. കിന്നരങ്ങൾ കൊണ്ട് അവന് അവർ പാടട്ടെ.

പ. എന്തുകൊണ്ടന്നാൽ കർത്താവ് തന്റെ ജനത്തിൽ പ്രസാദിക്കുന്നു- ദരിദ്രന്മാർക്കു രക്ഷ നൽകുകയും ചെയ്യുന്നു.

ജ. നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെട്ട് തങ്ങളുടെ കിടക്കകളിന്മേൽ അവനെ സ്തുതിക്കട്ടെ. അവർ തങ്ങളുടെ തൊണ്ടകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

പ. ജാതികൾക്കു പ്രതികാരവും, ജനങ്ങൾക്കു ശിക്ഷയും നടത്തുവാനും-അവരുടെ രാജാക്കന്മാരെ ബന്ധനങ്ങൾകൊണ്ടും-അവരുടെ മാന്യന്മാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും-

ജ. എഴുതിയിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനായി-അവരുടെ കൈയിൽ ഇരുപുറവും മൂർച്ചയുള്ള വാളും ഉണ്ട്. അത് അവന്റെ സകല നീതിമാന്മാർക്കും മഹത്വം ആകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

## 150-ാം മസുമൂർ

പ. കർത്താവിനെ അവന്റെ വിശുദ്ധ മന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ശക്തിയുടെ ആകാശ വിതാനത്തിൽ അവനെ സ്തുതിപ്പിൻ.

ജ. അവന്റെ വല്ലഭത്വം നിമിത്തം അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുലതപ്രകാരം അവനെ സ്തുതിപ്പിൻ.

പ. കാഹളശബ്ദംകൊണ്ട് അവനെ സ്തുതിപ്പിൻ. നന്തുനികൾകൊണ്ടും കിന്നരങ്ങൾ കൊണ്ടും അവനെ സ്തുതിപ്പിൻ.

ജ. തപ്പുകൾകൊണ്ടും ചതുരത്തപ്പുകൾകൊണ്ടും അവനെ സ്തുതിപ്പിൻ; ഇമ്പമുള്ള വീണകൾകൊണ്ടും അവനെ സ്തുതിപ്പിൻ.

പ. നാദമുള്ള കൈത്താളങ്ങൾകൊണ്ടും അവനെ സ്തുതിപ്പിൻ; ഉച്ചനാദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ.

ജ. ജീവനുള്ളതൊക്കെയും കർത്താവിനെ സ്തുതിക്കട്ടെ. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു - ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

## 113, 117 മസുമൂറുകൾ

പ. പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ദാസന്മാരേ, സ്തുതി പാടുവിൻ-

ജ. കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടിരിക്കട്ടെ.

പ. സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ കർത്താവിന്റെ തിരുനാമം വലിയതാകുന്നു.

ജ. കർത്താവു സകല ജാതികൾക്കു മീതെയും-അവന്റെ ബഹുമാനം ആകാശത്തിനു മീതെയും ഉയർന്നിരിക്കുന്നു.

പ. ഉന്നതങ്ങളിൽ വസിക്കയും,, അഗാധത്തിൽ നോക്കി കാണുകയും ചെയ്യുന്ന ദൈവമായ കർത്താവിപ്പോലെ സ്വർഗ്ഗത്തിലും ഭൂമിയിലും ആരുള്ളൂ.

ജ. അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽ നിന്ന് അവനെ ഉയർത്തുന്നു.

പ. അവൻ ഭവനത്തിൽ വന്ധ്യയായവളെ മക്കളുടെ മാതാവായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു.

ജ. സകല ജാതികളുമേ, അവനെ സ്തുതിപ്പിൻ, സകല ജനങ്ങളുമേ, അവനെ സ്തുതിപ്പിൻ; എന്തുകൊണ്ടെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ശക്തിപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു-ബാറെക്മാർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ-ആമേൻ.

പ. ത്രിത്വത്തിനു സ്തുതി-ത്രിത്വത്തിനു സ്തുതി-സ്തുതിക്കപ്പെട്ടതും സ്വയംഭൂവായതും, ആദിയും അന്തവും ഇല്ലാത്തതുമായ ത്രിത്വത്തെ, ഞങ്ങളും സ്തുതിക്കുന്നു.

ജ. ദൈവമേ, എല്ലാനേരവും സ്തുതി നിനക്കു യോഗ്യമാകുന്നു-ആമേൻ.

പ. ദൈവമേ, എല്ലാനേരവും സ്തുതി നിനക്കു യോഗ്യമാകുന്നു-ആമേൻ.

## മാലാഖമാരുടെ സ്തുതി

പ. അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിക്കുന്നു.

എല്ലാവരും: എല്ലാക്കാലവും എല്ലാ സമയവും ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും-ഭൂമിയിൽ സമാധാനവും നിരപ്പും-മനുഷ്യർക്കു നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ. സർവ്വശക്തിയുള്ള പിതാവായി സ്വർഗ്ഗീയ രാജാവായി-സ്രഷ്ടാവായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും-സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ അർപ്പിക്കയും- നിന്റെ മഹത്വത്തിൻ ശ്രേഷ്ഠത നിമിത്തം നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുകയും ചെയ്യുന്നു. വിശുദ്ധറൂഹായോടുകൂടെ-യേശുമ്ശിഹാ ആയ ഏക പുത്രനായ ദൈവമേ, പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാടും ആയ കർത്താവേ-ഞങ്ങളോടു കരുണ ചെയ്യണമേ. ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്നവനേ, നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. തന്റെ പിതാവിന്റെ വലത്തു ഭാഗത്തു മഹത്വത്തോടിരിക്കുന്നവനേ-ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു; പിതാവായ ദൈവത്തിന്റെ മഹത്വത്തിനു വിശുദ്ധറൂഹായോടുകൂടെ, യേശുമ്ശിഹാ ആയ നീ മാത്രം കർത്താവാകുന്നു. ആമേൻ.

(അല്ലെങ്കിൽ)

ഗീതം

കുക്കായ

1. പാപികളും ബലഹീനരുമാ-മടിയാ-രി-താ
മേല്പെട്ടവരാം ദൂതരെപ്പോൽ-സ്തുതിചെയ്തീടു-ന്നു
എല്ലായ്പോഴും-ഉന്നതനാം ദേവാ-
എല്ലാനാളും-സ്തുതി നിനക്കുണ്ടാക-
ഭൂവിൽ സമാധാനമിണക്കം-മർത്യർ-ക്കെല്ലാം-
പ്രത്യാശയുമുണ്ടായ്വരട്ടെ-എന്നേക്കും ദൈവ-വമേ-
ഹലേലുയ്യാ-ഉ-ഹാലേലുയ്യാ

2. സർവ്വേശ്വരനാമുടയോനെ-മഹത്വദൈവ-മേ
പാപികളാമടിയാർ നിന്നെ-സ്തുതിചെയ്തീടു-ന്നു-

വാഴ്ത്തിടുന്നു-വന്ദനം-ചെയ്യുന്നു-

സ്തുതിയുടെ ശബ്ദം-പാടി ഏറ്റുന്നു-

സ്വർല്ലോകത്തിന്നധിപതിയേ-അപ്പാസ്ര-ഷ്ടാ-വേ!

നിന്തിരുനാമത്തിനുസ്തോത്രം-എന്നേക്കും ദൈ-വമേ-

ഹാലേലുയ്യാ-ഉ-ഹാ-ഹാലേലുയ്യാ

3. വിശുദ്ധാത്മാവോടുകൂടെ-ക്രിസ്തേശു-വേ

ബാവായുടെ ഏകസുതനാം-ദൈവാധി ദൈവമേ!

ദൈവസുതനേ-വചനസ്വരൂപാ-

ലോകരിൻ പാപം-വഹിച്ചൊരു കുഞ്ഞാടേ!

കല്മഷമെല്ലാം ഒഴിച്ചോനേ-തിരുച്ചെവിചാ-യ്ച്

അടിയാരുടെ പ്രാർത്ഥനയെ കേട്ടനുഗ്രഹിക്ക-ദൈ-വമേ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

4. തിരുജനകനുടെ വലഭാഗ-ത്തമരും മഹിമ-സനാ!

ദയവോടു ദർശിച്ചടിയാരെ-അനുഗ്രഹിച്ചീടണമേ,

എന്നന്നേക്കും-നീ മാത്രം വിശുദ്ധൻ

എന്നന്നേക്കും-നീ മാത്രം നാഥൻ

വിശുദ്ധാത്മാവോടുകൂടെ പിതൃനാമത്തി-നു

മഹിമയുണ്ടാകട്ടെ ദേവാ എന്നേക്കും ആ-മേ-ൻ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

പ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, എല്ലാക്കാലവും എല്ലാ സമയവും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും, എന്നന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതും ആയ നിന്റെ പരിശുദ്ധനാമത്തെ ഞങ്ങൾ സ്തുതിക്കയും ചെയ്യും. ദൈവമായ കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം സ്തുതിക്കപ്പെട്ടതും എന്നന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതും എന്നന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതും ആകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവും ആയവനേ, ഏക പുത്രനോടും ജീവനുള്ള വിശുദ്ധ റൂഹായോടുംകൂടെ സ്തുതി നിനക്കു യോഗ്യമാകുന്നു-സ്തുതി നിനക്കു ചേർച്ചയാകുന്നു. സർവ്വകാലവും പുകഴ്ച നിനക്കു ന്യായവുമാകുന്നു.

ജ. ആമേൻ.

(അല്ലെങ്കിൽ ഗീതം)

കുക്കായ

1 സർവ്വേശ്വരനാം കർത്താവേ-പിതാക്കൾക്കുടയോ-നേ-

ഉർവ്വിയിൽ അടിയാൽ ജീവിക്കും-നാമെല്ലാം നി-ന്റെ-

തിരുനാമത്തെ-എന്നേക്കും വാഴ്ത്തും

പരനേ നിന്നെ-എന്നേക്കും വാഴ്ത്തും

തിരുനാമത്തെ കൊണ്ടാടി-എന്ന-ന്നേക്കും

അഹത്വത്തോടെ പ്രാബല്യം-പാടീടും ഞങ്ങൾ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

2 പിതൃപുത്രവിശുദ്ധാത്മാവേ! - സ്തുതിനിനക്കു യോഗ്യം
തിരുനാമത്തിനു ബഹുമാനം-അഴകായിടു-ന്നു-
പുകഴ്ചയ്ക്കെന്നും-തിരുനാമം പാത്രം
കീർത്തിക്കെന്നും-തിരുനാമം യോഗ്യം
അടിയാരുടെമേൽ ദയതോന്നി-കരളലിഞ്ഞീടേ-ണമേ,
സ്തുതികൾ പാടിഘോഷിപ്പാൻ-തിരുവരമരുളേ-ണ-മേ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ-നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ.

ജ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു-ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിന്റെ സ്നേഹം നിന്നെ നിന്റെ സ്ഥലത്തുനിന്നു, ഞങ്ങളുടെ അടുക്കലേക്കു ഇറക്കിക്കൊണ്ടുവന്നു.

ജ. കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ-ആമേൻ.

(അല്ലെങ്കിൽ)

ഗീതം

മോറാനീശോമ്ശിഹായേ നിൻ അനുഗ്രഹവാതിൽ
ഞങ്ങൾക്കെതിരായ് ഒരു നാളും അടച്ചീ-ട-രു-തേ.
നാഥാ ഞങ്ങൾ പാപികളെന്നേറ്റീടുന്നു
നിൻ അനുഗ്രഹമെങ്ങൾമേൽ ചൊരിഞ്ഞീടണമേ.
നിൻ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോവാൻ
നിൻ സ്നേഹം നിന്നെ ഇറക്കി-ക്കൊണ്ടുവ-ന്നു
കർത്താവേ നിൻ അനുഗ്രഹമെങ്ങളുടെമേൽ
പൊഴിക്കണമേ എന്നുമെന്നേ-ക്കും ആമേൻ.

(എല്ലാവരും ഇരിക്കുന്നു)